മംഗളം
MANGALAM MALAYALAM NEWS
13 January 2026

# ലക്ഷദ്വീപ് മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കർമപദ്ധതി

കൊച്ചി: ലക്ഷദ്വീപിലെ മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെയുള്ള കർമപദ്ധതിയുമായി ദ്വീപ് ഭരണകൂടം.

ഫിഷറീസ്-സമുദ്രകൃഷി രംഗത്ത് സാങ്കേതിക മുന്നേറ്റം, സംരംഭകത്വം, നിക്ഷേപം, ചൂര-കടൽപായൽ വിപണി ശൃംഖല തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് പറഞ്ഞു.

കവരത്തിയിൽ സി.എം.എഫ്.ആർ.ഐയുടെ ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം ഫിഷറീസ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന മത്സ്യമേളയോടനുബന്ധിച്ച് നടന്ന ഗുണഭോക്തൃ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആഗോള വിപണിയിൽ ഏറെ ആവശ്യക്കാരുള്ള ലക്ഷദ്വീപ് ചൂര (ട്യൂണ), കടൽപായൽ എന്നിവയുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണി ശക്തിപ്പെടുത്താനും സ്റ്റാർട്ടപ്, സംരംഭകത്വ സംരംഭങ്ങൾ ശക്തിപ്പെടുത്താനും നടപടികളുണ്ടാകും. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ ബുസാർ ജംഹർ, ലക്ഷദ്വീപ് കെവികെ മേധാവി ഡോ പി എൻ ആനന്ദ് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.



- കവരത്തിയിൽ നടക്കുന്ന മത്സ്യമേളയിൽ നിന്നുള്ള ദൃശ്യം.